പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി III

# (SUBJECT COMMITTEE III)

## ജലവിഭവം

**(WATER RESOURCES)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**നാലാമത് റിപ്പോർട്ട്**

**2014-2015**

**FOURTH REPORT**

**ON**

**THE SCRUTINY OF DEMANDS FOR GRANTS**

**(2014-2015)**

2014 ......................................-ാം തീയതി സമർപ്പിച്ചത്

(Presented on ................................ 2014)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി III
# (SUBJECT COMMITTEE III)

ജലവിഭവം

(WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

നാലാമത് റിപ്പോർട്ട്

2014-2015

FOURTH REPORT ON THE SCRUTINY OF DEMANDS

FOR GRANTS

(2014-2015)

481/2014.

## ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി III—ജലവിഭവം
## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. ജെ. ജോസഫ്,

ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്

„ വി. റ്റി. ബൽറാം

„ കെ. കെ. ജയചന്ദ്രൻ

„ ജി. എസ്. ജയലാൽ

„ വർക്കല കഹാർ

„ കെ. കുഞ്ഞിരാമൻ (ഉദുമ)

„ കെ. മുഹമ്മദുണ്ണി ഹാജി

„ റ്റി. എൻ. പ്രതാപൻ

„ തോമസ് ചാണ്ടി

„ തോമസ് ഉണ്ണിയാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

„ എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സിമിതി III-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്, സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 18, 24 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം) (2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായ ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി രൂപം നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2014 മാർച്ച് മാസം 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. ജെ. ജോസഫ്,

*ചെയർമാൻ,*

*വിഷയനിർണ്ണയ സമിതി III.*

തിരുവനന്തപുരം,
2014 മാർച്ച് 12.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 837,00,00,000 രൂപ (പ്ലാൻ) |
| | | 266,76,77,000 രൂപ (നോൺ പ്ലാൻ) |
| ചാർജ് ചെയ്തത് | : | ഇല്ല |

2215-01-190-99—കേരള ജല അതോറിറ്റിക്കുള്ള സഹായധനം
(04)—നഗര ജലവിതരണ സ്കീമുകൾ—നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

1. നഗരശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ നഗര ശുദ്ധജല വിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-96—കുപ്പിവെള്ളം നിർമ്മാണ യൂണിറ്റ്

വിഹിതം : 1,00,000 രൂപ (പ്ലാൻ)

2. കുപ്പിവെള്ള നിർമ്മാണ യൂണിറ്റിനായി ഒരു ലക്ഷം രൂപയാണ് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റി 2008-ൽ കുപ്പിവെള്ള നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി 2.85 കോടി രൂപയുടെ ഭരണാനുമതി നല്കിയെങ്കിലും പല കാരണങ്ങളാൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് ഇതിനെപ്പറ്റി വളരെ സൂക്ഷ്മമായി പഠിക്കുകയും പഴയ ടെണ്ടറിലെ പാളിച്ചകളെപ്പറ്റി അവലോകനം ചെയ്യുകയും ഇതിൻപ്രകാരം പ്രോജക്റ്റ് പ്രൊപ്പോസൽ നിലവിലുള്ള ടെക്നോളജി ഉന്നമനം കൂടി കണക്കിലെടുത്ത് പുതിയ പദ്ധതി തയ്യാറാക്കുകയും ഇതിനുവേണ്ടി 10 കോടി രൂപയുടെ ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. വളരെയധികം സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും നമ്മുടെ സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുവാനും സാധിക്കുന്ന ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ 4.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-94—ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റിസ്ഥാപിക്കൽ

വിഹിതം : 95,00,00,000 രൂപ (പ്ലാൻ)

3. സംസ്ഥാനത്തുടനീളം ഉപയോഗശൂന്യമായതും പഴയതുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റിസ്ഥാപിക്കുന്നതിനായി 95 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. തിരുവനന്തപുരത്തെ മുട്ടട-കേശവദാസപുരം, ഉള്ളൂർ-അമ്പലമുക്ക് എന്നീ ഭാഗങ്ങളിലെ പൈപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള പദ്ധതികൾക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-67—ജലനിധിയുടെകൂടെ ചേർക്കപ്പെട്ട പദ്ധതി

വിഹിതം : 200,00,00,000 രൂപ (പ്ലാൻ)

4. വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ 72.7 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-64—മഴവെള്ളകൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

വിഹിതം : 4,20,00,000 രൂപ (പ്ലാൻ)

5. മഴവെള്ളകൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെയും അളവുയർത്തലുമായി ബന്ധപ്പെട്ട വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 4.2 കോടി രൂപ അപര്യാപ്തമായതിനാൽ 15.57 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-60—സാർക്ക് (2010-11)സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ

വിഹിതം : 2,98,00,000 രൂപ (പ്ലാൻ)

6. കഴിഞ്ഞ സാമ്പത്തിക വർഷം വളരെയധികം പുരോഗതി കൈവരിച്ച ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 2.98 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ സാമ്പത്തികവർഷം ബാക്കിയുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനാൽ 7.02 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-57—കുടിവെള്ളത്തിൽനിന്നും ഇരുമ്പിന്റെ അംശം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

7. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99—കേരള ജല അതോറിറ്റിക്കുള്ള സഹായധനം
(01)—തിരുവനന്തപുരം സിവറെജ് സ്കീം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

8. തിരുവനന്തപുരം നഗരത്തിലെ സിവറെജ് പദ്ധതിയുടെ വിപുലീകരണത്തിന് 5 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഭരണാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ ഗ്രാന്റ്

9. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കുംകൂടി ആകെ 1062.75 കോടി രൂപയാണ് 2014-15 സാമ്പത്തിക വർഷം ആവശ്യമായി വന്നിരിക്കുന്നത്. എന്നാൽ വാട്ടർ ചാർജ് ഇനത്തിലും മറ്റ് ഇനത്തിലും വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന ആകെ വരവ് 512.60 കോടി രൂപയാണ്. അടിയന്തിര പ്രാധാന്യമുള്ള ചെലവുകൾ സമയ ബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 324.99 കോടി രൂപ താഴെപ്പറയുന്ന കണക്കിനങ്ങളിലൂടെ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| *നമ്പർ* | *ശീർഷകം* | *അധികം വകയിരുത്തേണ്ട തുക* |
|---|---|---|
| 1 | 2215-01-190-99 (19) 31 | 162.2150 കോടി രൂപ |
| 2 | 2215-01-190-99 (19) 36 | 133.5412 കോടി രൂപ |
| 3 | 2215-02-190-99 (02) 36 | 13.1303 കോടി രൂപ |
| 4 | 2215-02-190-99 (02) 31 | 16.1027 കോടി രൂപ |

4215-01-800-93—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

10. 2013-14 സാമ്പത്തിക വർഷത്തിൽ (ആസ്തി വികസന പദ്ധതിയിൽ) ഉൾപ്പെടുത്തി 1060.85 ലക്ഷം രൂപയ്ക്കുള്ള സ്കീമുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കൂടാതെ 1161 ലക്ഷം രൂപയ്ക്കുള്ള പദ്ധതിയുടെ നിർദ്ദേശം പരിഗണനയിലുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6215-01-190-98—ജെ.ബി.ഐ.സി. സഹായമുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേരള ജല അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : 150,00,00,000 രൂപ (പ്ലാൻ)

11. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പണികൾക്കും തിരുവനന്തപുരം, കോഴിക്കോട് സ്കീമുകളുടെ റിഹാബിലിറ്റേഷൻ പണികൾക്കും അനുവദിച്ചിരിക്കുന്ന 150 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത വർക്കുകൾക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

വോട്ട് ചെയ്തത് : 1533,72,67,000 രൂപ (പ്ലാൻ)
1053,84,11,000 രൂപ (നോൺ പ്ലാൻ)

ചാർജ് ചെയ്തത് : 10,01,000 രൂപ (നോൺ പ്ലാൻ)

2702—ചെറുകിട ജലസേചനം

2702-01-001-99—ചെറുകിട ജലസേചനം—ഭരണവും നടത്തിപ്പും—വിവരസാങ്കേതിക വിദ്യ

വിഹിതം : 75,67,17,000 രൂപ (നോൺ പ്ലാൻ)

12. ചെറുകിട ജലസേചന വിഭാഗം സർക്കിൾ, ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന 75.6717 കോടി രൂപയ്ക്കു പുറമെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-02-005-99-19—ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും—യന്ത്രോപകരണങ്ങൾ

വിഹിതം : 9,50,00,000 രൂപ (പ്ലാൻ)

13. സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് കുഴൽക്കിണർ നിർമ്മാണത്തിനായി വിവിധതരം ആധുനിക സാങ്കേതികമികവുള്ള റിഗ്ഗുകളും സയന്റിഫിക് ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-02-005-77—രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)

വിഹിതം : 1,25,00,000 രൂപ (പ്ലാൻ)

14. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1.25 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-02-005-82—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

4702-00-102-98—ഭൂഗർഭ ജലവിഭാഗം
(01)—മരാമത്തുകൾ

| | | | |
|---|---|---|---|
| വിഹിതം : | 2702-02-005-82 | .. | 61,00,000 രൂപ (പ്ലാൻ) |
| | 4702-00-102-98-01 | .. | 1,25,00,000 രൂപ (പ്ലാൻ) |

15. ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ലോകബാങ്ക് സഹായത്തോടെ ഉപരിജലത്തെയും ഭൂജലത്തെയും സംബന്ധിച്ച് സമഗ്രമായ ഒരു ഡേറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനും, കർഷകർ, ഗവേഷണ വിദ്യാർത്ഥികൾ, ആസൂത്രകർ, ജലവിഭവമേഖലയിലെ ഇതര സംരംഭകർ എന്നിവർക്ക് ഉപയുക്തമായ രീതിയിൽ ഭൂജല പരിപാലനവും ആസൂത്രണവും നടപ്പിലാക്കാനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്ക് നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ശമ്പളം, വേതനം, യാത്രാബത്ത, യന്ത്രസാമഗ്രികൾ, പെട്രോൾ ആന്റ് ലൂബ്രിക്കന്റ്സ്, മറ്റിനങ്ങൾ എന്നിവയ്ക്കും സപ്ലൈ ഓർഡർ നൽകിയിട്ടുള്ള ഉപകരണങ്ങൾക്ക് നൽകുവാനും അധിക തുക ആവശ്യമായതിനാൽ 2702-02-005-82 എന്ന ശീർഷകത്തിൽ 1.7 കോടി രൂപയും 4702-00-102-98-01 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98—സംരക്ഷണപ്പണികൾ—മറ്റു ചെലവുകൾ
(02)—വെള്ളപ്പൊക്കനാശംമൂലമുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : 12,00,00,000 രൂപ, വോട്ട് ചെയ്തത് (നോൺ പ്ലാൻ)

16. വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ ഇല്ലാതാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12 കോടി രൂപ അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനും തോടുകളുടെ പാർശ്വ സംരക്ഷണ ത്തിനും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-97—13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

17. വിവിധ ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി 13-ാം ധനകാര്യ കമ്മീഷൻ മുഖേന അനുവദിച്ച ഈ തുക മൈനർ ഇറിഗേഷൻ പദ്ധതികളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. പണികൾ പൂർത്തിയാക്കുന്ന തിനും കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2705—കമാന്റ് ഏരിയ വികസനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 12,00,00,000 രൂപ (പ്ലാൻ)<br>28,57,000 രൂപ (നോൺ പ്ലാൻ) |
| ചാർജ് ചെയ്തത് | : | ഇല്ല |

2705-00-101-81—കാഞ്ഞിരംപുഴ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

18. 50% കേന്ദ്രാവിഷ്കൃതപദ്ധതിയായ കാഞ്ഞിരംപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻ പ്രകാരം ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കമ്പോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും, ചാനൽ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കേണ്ടതായതിനാലും ഈ ശീർഷകത്തിൽ 3.594785 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2705-00-101-79—കല്ലട പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം : 2,40,00,000 രൂപ (പ്ലാൻ)

19. കല്ലട പദ്ധതിയുടെ പുതിയ ഗൈഡ്‌ലൈൻ പ്രകാരം ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കമ്പോണന്റുകൾക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും, പ്രസ്തുത പദ്ധതിയുടെ മാനേജീരിയൽ സബ്സിഡി, സർവ്വേ, പ്ലാനിംഗ്, ട്രെയിനിംഗ് എന്നിവയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 82.35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2705-00-101-75—മൂവാറ്റുപുഴ പദ്ധതി

വിഹിതം : 2,20,00,000 രൂപ (പ്ലാൻ)

20. മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻപ്രകാരം എസ്റ്റാബ്ലിഷ്മെന്റ്, ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കമ്പോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന 2.2 കോടി രൂപ അപര്യാപ്തമായതിനാലും, മാനേജീരിയൽ സബ്സിഡി, സർവ്വേ, പ്ലാനിംഗ്, ട്രെയിനിംഗ്, ഇവാല്യുവേഷൻ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 9.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4702-00-101-99-01—ഉപരിതല ജലം—ചെറുകിട ജലസേചന ജോലികൾ—മരാമത്തുകൾ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

21. ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർവരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 2 കോടി രൂപയാണ്. ചെറുകിട ജലസേചനം ക്ലാസ്സ് 1-ൽപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി 5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-93—ചെറുകിട ജലസേചന ജോലികൾ—നബാർഡ് സഹായത്തോടെയുള്ള പദ്ധതി

വിഹിതം : 12,64,82,000 രൂപ (പ്ലാൻ)

22. നബാർഡ് സഹായമുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12.6482 കോടി രൂപ അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-90—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

വിഹിതം : ഇല്ല

23. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പണികൾ പൂർത്തീകരിക്കുന്നതിനും, ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-87—കുളങ്ങളുടെ നവീകരണം

വിഹിതം : ഇല്ല

24. കുളങ്ങളുടെ നവീകരണം സംബന്ധിച്ച പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിക്കായി 29 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ കൊടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-84—മുൻഗണനാപ്രവൃത്തികൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

25. മുൻഗണനാപ്രവൃത്തികൾക്കായുള്ള ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ 1,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും, കരാറുകാരുടെ ബില്ലുകൾ കൊടുക്കുന്നതിനും 50 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-80—ചെറുകിട ജലസേചന വിംഗ് മുഖേനയുള്ള തലയാർ കനാലിന്റെ ഇടത്-വലത് പാർശ്വങ്ങളുടെ നവീകരണം

വിഹിതം : ഇല്ല

26. പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2013-14-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79—ചെക്കുഡാമുകളും റെഗുലേറ്ററുകളും

വിഹിതം : ഇല്ല

27. ചെക്കുഡാമുകളും റെഗുലേറ്ററുകളും എന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സംസ്ഥാനത്ത് 700-ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന കാര്യം 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-78—ഒരു പഞ്ചായത്തിൽ ഒരു കുളം

വിഹിതം : ഇല്ല

28. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13, 2013-14 എന്നീ വർഷങ്ങളിൽ 72.758 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 117,209,13,000 രൂപ |
| ചാർജ് ചെയ്തത് | : | 6,27,55,000 രൂപ |

2700—വൻകിട ജലസേചനം

2700-01-101-98—പെരിയാർ നദീതട പദ്ധതി (സംരക്ഷണ പണികൾ)—മറ്റു ചെലവുകൾ (വാണിജ്യപരം)

വിഹിതം : 6,14,00,000 രൂപ (നോൺ പ്ലാൻ)

29. പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമായതിനാൽ അക്വഡക്റ്റുകളുടെയും പാലങ്ങളുടെയും കനാലുകളുടെയും സംരക്ഷണ പണികൾക്കും ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾക്കും വേണ്ടി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 5,38,00,000 രൂപ (നോൺ പ്ലാൻ)

30. നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് അനുവദിച്ചിട്ടുള്ള 5.06 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കായി

അനുവദിച്ചിട്ടുള്ള 32 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ടി തുക കൂടാതെ കനാലുകളുടെ സംരക്ഷണ പണികൾക്ക് 1 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്ക് 1 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 4,00,00,000 രൂപ (നോൺ പ്ലാൻ)

31. പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-17-101-98—ചിറ്റൂർ പുഴ പദ്ധതി—(സംരക്ഷണ പണികൾ)—മറ്റു ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 3,62,00,000 രൂപ (നോൺ പ്ലാൻ)

32. ചിറ്റൂർ പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 350 ലക്ഷം രൂപയും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന 6 ലക്ഷം രൂപയും കേസുകൾക്കായി അനുവദിച്ചിരിക്കുന്ന 6 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (സംരക്ഷണ പണികൾ)—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 2,04,00,000 രൂപ (നോൺ പ്ലാൻ)

33. കാഞ്ഞിരപ്പുഴ പദ്ധതിയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-27-101-98—കല്ലട ജലസേചന പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 6,00,00,000 രൂപ (നോൺ പ്ലാൻ)

34. കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കും കാഡ പൂർത്തിയാക്കിയ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-80-800-98—ഡാം സൈറ്റുകൾ മനോഹരമാക്കൽ

വിഹിതം : 10,01,000 രൂപ (നോൺ പ്ലാൻ)

35. ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനും ടൂറിസം വികസനത്തിനുമായി ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701—ഇടത്തരം ജലസേചനം

2701-01-101-98—പീച്ചി ജലസംഭരണ പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യപരം)

വിഹിതം : 5,00,01,000 രൂപ (നോൺ പ്ലാൻ)

36. പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് അനുവദിച്ചി രിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ വർദ്ധിച്ചുവരുന്ന സംരക്ഷണ പ്രവൃത്തികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യപരം)

വിഹിതം : 2,12,00,000 രൂപ (നോൺ പ്ലാൻ)

37. ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-12-101-99—അട്ടപ്പാടി പദ്ധതി—(വാണിജ്യേതരം)—വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

38. അട്ടപ്പാടി പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റിനായി ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളു. എച്ച്.ആർ./ എസ്.എൽ.ആർ. ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-14-101-98—ചിമ്മിണി പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 70,02,000 രൂപ (നോൺ പ്ലാൻ)

39. ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് അനുവദിച്ചിരിക്കുന്ന 70 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-16-101-98-18—കാട്ടാമ്പള്ളി പദ്ധതി (വാണിജ്യേതരം)—സംരക്ഷണ പണികൾ, മറ്റ് ചെലവുകൾ—സംരക്ഷണം

വിഹിതം : 11,75,000 രൂപ (നോൺ പ്ലാൻ)

40. കാട്ടാമ്പള്ളി പദ്ധതിയുടെ പൂർത്തിയാക്കപ്പെട്ട സിവിലും മെക്കാനിക്കലും ആയിട്ടുള്ള സംരക്ഷണ പണികൾക്കായി 11.75 ലക്ഷം രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. സംരക്ഷണ പണികൾ നടത്തുന്നതിന് കൂടുതൽ തുക അനിവാര്യമായതിനാൽ 40 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-17-101-98—ചേരമംഗലം പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 40,00,000 രൂപ (നോൺ പ്ലാൻ)

41. ചേരമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയി ലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-18-001-97—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്—ഭരണവും നടത്തിപ്പും—(വാണിജ്യേതരം)

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

42. ചമ്രവട്ടം പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.85192 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-20-101-98—വെള്ളിയാംകല്ല് കാസ്‌വേ—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

43. വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപകൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-001-98—ഇടത്തരം ജലസേചനം—മേൽനോട്ടം

2701-80-001-99—വിവരസാങ്കേതികവിദ്യ

വിഹിതം : 7,58,66,000 രൂപ (നോൺ പ്ലാൻ)

44. ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെകീഴിലുള്ള എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളും വഹിക്കുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 7.5866 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-001-97—ഇടത്തരം ജലസേചനം—നടത്തിപ്പ്

2701-80-001-99—വിവരസാങ്കേതികവിദ്യ

വിഹിതം : 68,54,83,000 രൂപ (നോൺ പ്ലാൻ)

45. ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 68.5483 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-001-95—കേരള ഡാം സുരക്ഷ അതോറിറ്റി

വിഹിതം : 84,28,000 രൂപ (നോൺ പ്ലാൻ)

46. കേരള ഡാം സുരക്ഷ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിന് സഹായധനമായും, മറ്റു ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 84.28 ലക്ഷം രൂപ അപര്യാപ്തമായതിനാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-005-98—അന്വേഷണവും ഗവേഷണവും—34-മറ്റ് ചെലവുകൾ

വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

47. പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റ് ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപയിൽ നിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവുംകൂടി നൽകുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ റെയിൻഗേജ് റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുന്നതിനായി ഈ ശീർഷകത്തിൽ 62 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-005-97—അന്വേഷണവും രൂപകൽപ്പനയും

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

48. ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകൽപ്പനകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 2 കോടി രൂപയ്ക്കു പുറമേ 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-005-95—ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

വിഹിതം : 2,62,01,000 രൂപ (നോൺ പ്ലാൻ)

49. പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 2.6201 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.76 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-97—മറ്റ് ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപ്പണികളും

വിഹിതം : 2,50,00,000 രൂപ (നോൺ പ്ലാൻ)

50. പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശൂർ കോൾനിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം—
04-യാത്രാബത്ത, 34-മറ്റ് ചെലവുകൾ

വിഹിതം : 2,08,99,000 രൂപ (നോൺ പ്ലാൻ)

51. ഐ.എസ്.ഡബ്ല്യുയിലെ ജീവനക്കാർക്കും പ്രത്യേകിച്ച് കാവേരി നദീജല തർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ ഫീസിനും മറ്റ് ചെലവുകൾക്കുമായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.0899 കോടി രൂപ അപര്യാപ്തമായതിനാൽ, മുല്ലപ്പെരിയാർ, കാവേരി, നെയ്യാർ, പറമ്പിക്കുളം തുടങ്ങിയ കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 34-മറ്റു ചെലവുകൾ എന്ന ഉപശീർഷകത്തിൽ 50 ലക്ഷം രൂപയും 04-യാത്ര ചെലവുകൾ, യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 10 ലക്ഷം രൂപയും ചേർത്ത് ആകെ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-92—അണക്കെട്ട് സുരക്ഷാ സംഘടനയും സുരക്ഷാ സന്നാഹങ്ങളും

വിഹിതം : 10,00,000 രൂപ (പ്ലാൻ)

52. അണക്കെട്ട് സുരക്ഷാ അവലോകനം, പഠനം, സുരക്ഷാ സന്നാഹങ്ങൾ നടത്തുന്നതിന് ആവശ്യമായ ഭരണചെലവുകൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ—സിവിൽ—സംരക്ഷണം

വിഹിതം : 11,00,00,000 രൂപ ; വോട്ട് ചെയ്തത് (നോൺ പ്ലാൻ)

53. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി കൂടുതൽ തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : 11,00,00,000 രൂപ ; വോട്ട് ചെയ്തത് (നോൺ പ്ലാൻ)

54. വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 11 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-02-103-99—കടലാക്രമണ നിരോധന പണികൾ—സംരക്ഷണം

വിഹിതം : 15,00,00,000 രൂപ ; വോട്ട് ചെയ്തത് (നോൺ പ്ലാൻ)

55. കടൽഭിത്തികൾക്ക് നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽനിന്ന് കടൽത്തീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തിര പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-02-800-99—കടലാക്രമണനിരോധന പദ്ധതികൾ—കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

വിഹിതം : 3,20,31,000 രൂപ (നോൺ പ്ലാൻ)

56. കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽത്തീര മണ്ണൊലിപ്പ് തടയുന്നത് സംബന്ധിച്ച പഠനം നടത്തുന്ന ഒരു ഡിവിഷന്റെയും രണ്ട് സബ് ഡിവിഷനുകളുടേയും അഞ്ച് സെക്ഷനുകളുടെയും പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 3.2031 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39.07 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4700-20-001-97—ഇടമലയാർ പദ്ധതി—(വാണിജ്യേതരം)—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

57. 2014-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 10 കോടി രൂപയും സ്ഥലമെടുപ്പിന് 3 കോടി രൂപയും ചേർത്ത് ആകെ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-22-001-97—മൂവാറ്റുപുഴ പദ്ധതി—(വാണിജ്യേതരം)—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 65,00,00,000 രൂപ (പ്ലാൻ)

58. 1974-ൽ ആരംഭിച്ച് 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്തതും 2014-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതുമായ ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 65 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-25—മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)

വിഹിതം : ഇല്ല

59. ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പ്രവർത്തികൾ ആരംഭിക്കേണ്ടതിലേക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-28-001-97—ബാണാസുരസാഗർ പദ്ധതി (വാണിജ്യേതരം)—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 2,50,00,000 രൂപ (പ്ലാൻ)

60. ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മരാമത്ത് പ്രവൃത്തികൾക്കും ശമ്പളത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-005-99—ജലസേചന പദ്ധതികളിന്മേൽ അന്വേഷണം

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

61. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ജലസേചന വകുപ്പിന്റെ എല്ലാ പദ്ധതികൾക്കുമുള്ള പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 2.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-800-97—ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും

വിഹിതം : 1,90,00,000 രൂപ (പ്ലാൻ)

62. ഡാമുകളുടെ സുരക്ഷാ നടപടികൾക്കും അവയുടെ മരാമത്ത് പണികൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 162.85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഡാമുകളുടെ അത്യാവശ്യ സുരക്ഷാ പ്രവൃത്തികൾ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 4.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനചെലവ്

4701-12-800-97—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)—അണക്കെട്ടും അനുബന്ധ പണികളും

വിഹിതം : ഇല്ല

63. ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. അനുമതി ലഭിച്ച പ്രവൃത്തികൾ ഈ വർഷം ആരംഭിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

വിഹിതം : ഇല്ല

64. നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 10.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-22-800-97—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)—മറ്റു ചെലവുകൾ—അണക്കെട്ടും അനുബന്ധ പണികളും

വിഹിതം : ഇല്ല

65. നടപ്പു സാമ്പത്തികവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ, പീച്ചി, സ്റ്റേജ് II-ന്റെ വികസനം

വിഹിതം : 85,00,000 രൂപ (പ്ലാൻ)

66. പീച്ചിയിലെ ഗവേഷണപഠന കേന്ദ്രത്തിന്റെ വികസന പ്രവർത്തന ങ്ങൾക്കായി നീക്കിവെച്ചിരിക്കുന്ന 85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-96—നടപ്പിലാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

വിഹിതം : 5,00,000 രൂപ (പ്ലാൻ)

67. പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകയിരുത്തിയിരിക്കുന്ന 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അനുമതി ലഭിച്ച വിലയിരുത്തൽ പഠനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

വിഹിതം : 1,28,00,000 രൂപ (പ്ലാൻ)

68. ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 1.28 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാലും 2014 മേയ് മാസത്തിൽ പദ്ധതി പൂർത്തീകരിക്കേണ്ട തിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-88—നദീതട സംഘടന രൂപീകരണം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

69. മണ്ണുസംരക്ഷണം, മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടെയും മറ്റ് നദികളുടെയും നദീതടവികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് 1 കോടി രൂപ യാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭാരതപ്പുഴ നദീതട സംരക്ഷണത്തിനുള്ള പുതിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം

വിഹിതം : 5,00,000 രൂപ (പ്ലാൻ)

70. വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തി യിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-76—മുൻഗണനാപ്രവൃത്തികൾ—02-മരാമത്ത് പണികൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

71. ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാപ്രവൃത്തികൾക്ക് 1,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മുമ്പ് അനുവദിച്ച പ്രവൃത്തി കൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്— സിവിൽ പണികൾ

വിഹിതം : ഇല്ല

72. തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവ് വഹിക്കുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

വിഹിതം : ഇല്ല

73. ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക യൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-90—കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്)

വിഹിതം : 200,00,00,000 രൂപ (പ്ലാൻ)

74. 11-ാം പഞ്ചവത്സരകാലത്ത് ആരംഭിച്ച കുട്ടനാട് പാക്കേജിന്റെ 4 പദ്ധതികൾ പൂർത്തിയാക്കുന്നതിനായും പുതുതായി ആരംഭിച്ച രണ്ട് പദ്ധതികൾക്ക് അംഗീകാരവും കേന്ദ്രസഹായവും ലഭ്യമാക്കുന്നതിനായും ഈ പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 569.7600 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ—സിവിൽ പണികൾ

വിഹിതം : 35,00,000 രൂപ (പ്ലാൻ)

75. കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും പഴയവ പുതുക്കി പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-02-103-92—13-ാം ധനകാര്യ കമ്മീഷനിലുൾപ്പെട്ട മുൻഗണനാ പദ്ധതികൾ

വിഹിതം : ഇല്ല

76. പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിനും തുക അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. ജെ. ജോസഫ്,

*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി III.*

തിരുവനന്തപുരം
2014 മാർച്ച് 12.